## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1414** 03-12-2018 -ൽ നൽകേണ്ടിയിരുന്ന മറുപടി

## ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ എത്ര പേർ മരണപ്പെട്ടെന്നും എത്ര പേരെ കാണാതായി എന്നും വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ 59 പേർ മരണപ്പെടുകയും 92 പേരെ കാണാതാകുകയും ചെയ്തു. മരണപ്പെട്ടവരിൽ 51 പേർ മത്സ്യത്തൊഴിലാളികളാണ്. |
| (ബി | ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം എത്ര കോടി രൂപ വീതം സഹായധനമായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി & സി) | ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നും 111.7 കോടി രൂപ സഹായധനമായി ലഭിച്ചു. ഇതിൽ നിന്നും കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 92.085 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചതും വിതരണം ചെയ്തതുമായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഈ തുകയിൽ നിന്ന് ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ധനസഹായമായി അനുവദിച്ചു; | | |
| ഡി) | ദുരന്തത്തിൽ മരണപ്പെട്ടവരിൽ എത്ര അവിവാഹിതരുണ്ട്; ഇവർക്കുള്ള ധനസഹായം രക്ഷിതാക്കൾക്ക് ലഭിക്കാനുള്ള വ്യവസ്ഥകൾ | ഡി) | ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരിൽ 10 അവിവാഹിതരുണ്ട്. 21/12/2017 ലെ സ.ഉ. (സാധാ) നം. 114/2017/ഡി.എം.ഡി ഉത്തരവ് പ്രകാരം മരണമടഞ്ഞവർ/കാണാതായവർ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | | എന്നിവർ അവിവാഹിതരാണെങ്കിൽ തുക അച്ഛനമ്മമാർക്കും അവിവാഹിതരായ സഹോദരിമാർക്കും പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾക്കും തുല്യമായി വീതിച്ച് നൽകേണ്ടതാണ്. അവകാശി മൈനർ ആണെങ്കിൽ പിതാവിന്റെയോ മാതാവിന്റെയോ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ**

| നം. | സ.ഉ.നം. | ധനസഹായം അനുവദിച്ചതിന്റെ ആവശ്യകത | ആകെ അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | സ.ഉ(സാധാ) നം 5511/2017/ റവ, തീയതി. 22.12.2017 | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് 16 ലക്ഷം രൂപ വീതം (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-6 ലക്ഷം, മത്സ്യ ബന്ധന വകുപ്പ്- 5 ലക്ഷം, മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്-5 ലക്ഷം) വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു. | 38,20,00,000 |
| 2 | സ.ഉ(സാധാ) നം 5330/2017/റവ, തീയതി. 13.12.2017 | ഓഖി ദുരന്തത്തിൽ പരിക്കേറ്റ 185 മത്സ്യത്തൊഴിലാളിൾക്ക് 20,000 രൂപാ വീതം വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു. | 37,00,000 |
| 3 | സ.ഉ(സാധാ) നം 5548/2017/ റവ, തീയതി . 22.12.2017 | ഓഖി ദുരന്തത്തിൽ മരണമടഞ്ഞവർ/ കാണാതായവർ/ഗുരുതര പരിക്കേറ്റവർ എന്നിങ്ങനെ അർഹതപ്പെട്ട 215 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി 10,000 രൂപ വീതവും ഭക്ഷ്യ സാമഗ്രികളുടെ കിറ്റ് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു. | 26,10,100 |
| 4 | സ.ഉ(കൈ) നം 134/2018/റവ തീയതി. | കൊച്ചിൻ ഷിപ്പിയാർഡിൽ നിന്നും 3 മറൈൻ ആംബുലൻസ് പർച്ചേസ് ചെയ്യുന്നതിന് ഫിഷറീസ് ഡയറക്ടർക്ക്(എറണാകുളം ജില്ലാ കളക്ടർ മുഖേന) | 7,36,00,000 |

| | | | |
|---|---|---|---|
| | 03.04.2018 | അനുവദിച്ചു. | |
| 5 | സ.ഉ(സാധാ) നം 1309/2018/ റവ തീയതി. 10.04.2018 | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പൂർണ്ണമായും വീട് തകർന്ന് വീട് നഷ്ടപ്പെട്ട വിവിധ ജില്ലകളിലെ 74 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് പുനർനിർമ്മിക്കുന്നത് വരെ വീട്ടുവാടകയിനത്തിൽ പ്രതിമാസം 3000/- (മൂവായിരം രൂപ) വീതം 12 മാസത്തേക്ക് നൽകുന്നതിനായി അനുവദിച്ചു | 26,64,000 |
| 6 | സ.ഉ(സാധാ) നം 1712/2018/ റവ തീയതി. 16.05.2018 | മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരത്തിനും ലൈഫ് ജാക്കറ്റ് പർച്ചേസ് ചെയ്യുന്നതിനുമായി (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 3,14,62,326 |
| 7 | സ.ഉ(സാധാ) നം 2037/2018/ റവ തീയതി. 31.05.2018 | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മണലിൽ താഴ്ന്ന് പോയ ക്രൈസ്റ്റ് എന്ന ബോട്ട് കടലിലിറക്കുന്നതിന് (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 10,25,000 |
| 8 | സ.ഉ(സാധാ) നം 2951/2018/ റവ തീയതി. 25.07.2018 | മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ട പരിഹാരത്തിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി ഭാഗികമായി നഷ്ടപ്പെട്ട 86 പേർക്കും പൂർണ്ണമായി നഷ്ടപ്പെട്ട 24 പേർക്കും (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 1,65,67,109 |
| 9 | സ.ഉ(സാധാ) നം 3989/2018/റവ തീയതി 27.09.2018. | Sea Rescue Squad രൂപീകരിക്കുന്നതിനായി (ഫിഷറീസ് ഡയറക്ടർക്ക്) അനുവദിച്ചു. | 7,15,00,000 |
| 10 | സ.ഉ(സാധാ) നം 3990/2018/ റവ തീയതി. 27.09.2018 | ഓഖി ദുരന്തത്തിൽ മരണപ്പെട്ടകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസത്തിന് (ഫിഷറീസ് ഡയറക്ടർക്ക്) അനുവദിച്ചു. | 13,92,82,000 |
| 11 | സ.ഉ(സാധാ) നം 4745/2018/ റവ തീയതി. 15.11.2018 | ഓഖി ദുരന്തത്തിൽ ഭാഗികമായി വീട് തകർന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന അറ്റകുറ്റപ്പണിക്ക് (ഫിഷറീസ് ഡയറക്ടർക്ക്) അനുവദിച്ചു. | 2,04,20,000 |

| | | | |
|---|---|---|---|
| 12 | സ.ഉ(സാധാ) നം 4832/ 2018/ റവ തീയതി. 22.11.2018 | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുകയും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ കാല താമസം നേരിടുകയും ചെയ്ത 35 പേർക്ക് കൂടി 20000/- രൂപ വീതം വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചു. | 7,00,000 |
| 13 | സ.ഉ(സാധാ) നം. 4881/ 2018/ റവ തീയതി. 24.11.2018 | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതിക്കാവശ്യമായി (ഫിഷറീസ് ഡയറക്ടർക്ക്) അനുവദിച്ചു. | 7,41,60,000 |
| 14 | സ.ഉ(സാധാ) നം 4888/ 2018/ റവ തീയതി. 26.11.2018 | ഫിഷറീസ് വകുപ്പിൽ നിന്നുമുള്ള രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത, ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മൂന്ന യൂണിറ്റുകൾക്കും ഭാഗികമായി നഷ്ടപ്പെട്ട 113 യൂണിറ്റുകൾക്കുമുള്ള നഷ്ടപരിഹാര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നും (ഫിഷറീസ് ഡയറക്ടർക്ക്) അനുവദിച്ചു. | 22,52,809 |
| 15 | സ.ഉ(സാധാ) നം 4889/ 2018/ റവ തീയതി. 26.11.2018 | മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിനാവശ്യമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നും (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 6,04,00,000 |
| 16 | സ.ഉ(സാധാ) നം 4890/ 2018/ റവ തീയതി. 26.11.2018 | ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനാവശ്യമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നും (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 1,80,03,495 |
| 17 | സ.ഉ(സാധാ) നം 4891/ 2018/ റവ തീയതി. 26.11.2018 | മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സാറ്റ് ലൈറ്റ് ഫോൺ ലഭ്യമാക്കുന്ന പദ്ധതിക്കാവശ്യമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നും (ഫിഷറിസ് | 9,42,61,000 |

| | | | |
|---|---|---|---|
| | | ഡയറക്ടർക്ക്) അനുവദിച്ചു. | |
| 18 | സ.ഉ(സാധാ) നം 4892/2018/ റവ തീയതി. 26.11.2018 | മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് നാവിക് നൽകുന്ന പദ്ധതിക്കാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നും (ഫിഷറിസ് ഡയറക്ടർക്ക്) അനുവദിച്ചു. | 15,93,00,000 |
| | | **ആകെ തുക** | **115,39,07,839** |

ക്രമ നം. 1 ലെ , 22/12/2017 തീയതിയിലെ സ.ഉ.(സാധാ) 5511/2017/റവ പ്രകാരം 220 പേർക്ക് അനുവദിച്ച തുകയിൽ 143 പേർക്കു മാത്രമെ തുക വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാതെ ശേഷിച്ച ബാക്കി 77 എണ്ണത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിഹിതമായ ( 5 ലക്ഷം രൂപ x77 ) 3,85,00,000 രൂപ (മൂന്നുകോടി എൺപത്തിയഞ്ച് ലക്ഷം രൂപ) 12/10/2018 തീയതിയിലെ സ.ഉ.(സാധാ) 4259/2018/റവ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തിരികെ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ